
ഇ – ജാലകം

# സർവ്വേശ്വരന് നന്ദി . . .

ഇ–ജാലകം എന്ന ഈ ഡിജിറ്റൽ മാഗസിൻ വിജയകരമായി പൂർത്തിയാക്കുവാൻ പരിശ്രമിച്ച ലിറ്റൽ കൈറ്റ്സ് അംഗങ്ങൾക്കും അതിനായി എല്ലാ സഹായസഹകരണങ്ങളും നൽകിയ പ്രധാന അദ്ധ്യാപികയ്ക്കും മറ്റു അദ്ധ്യാപകർക്കും ഹൃദയത്തിന്റെ ഭാഷയിൽ നന്ദി അറിയിക്കുന്നു. . . .

# ആശംസകൾ...

വിവരസാങ്കേതിക വിദ്യയുടെ ചിറകുകൾ വഴി അറിവിന്റെ അനന്തവിഹായസ്സിൽ പാറിപറക്കാനുള്ള സുവർണ്ണാവസരമാണ് ലിറ്റിൽ കൈറ്റ്സ് വഴി വിദ്യാർത്ഥിസമൂഹത്തിന് ലഭിക്കുന്നത് . അറിവിന്റെ വർണ്ണരാജികൾ പോലെതന്നെ തിന്മയുടെ കാണാകയങ്ങളും ആധുനിക സാങ്കേതികവിദ്യയിൽ മറഞ്ഞിരിപ്പുണ്ട് . അതിനാൽ വിവേകത്തോടെ നൂതനമാധ്യമങ്ങൾ കൈകാര്യം ചെയ്യുവാൻ നിങ്ങൾ  പ്രാപ്തരാകുന്നതിന് സ്കൂൾ തലത്തിൽ ലഭിക്കുന്ന   ലിറ്റിൽ കൈറ്റ്സ് പരിശീലനം  സഹായിക്കുന്നു .അക്ഷരത്തേക്കാൾ മുന്നേപായുന്ന  ഇലക്ട്രോണിക് തന്ത്രങ്ങളിൽ വൈദഗ്ധ്യം തെളിയിച്ചുകൊണ്ട് സെന്റ് ഫ്രാൻസിസ്  ലിറ്റിൽ കൈറ്റ്സ് ഒരുക്കുന്ന ഈ ജാലകത്തിന് എല്ലാ വിധ ആശംസകളും .


ഹെഡ്മിസ്ട്രസ്
സിസ്റ്റർ ക്ലെമന്റീന
സി . റ്റി . സി



# ആശംസകൾ...

വിദ്യാഭ്യാസ മേഖല പരിഷ്കരണത്തിന്റെ പടവുകൾ താണ്ടി അതിന്റെ പൂർണതയിലേക്ക് എത്തിക്കൊണ്ടിരിക്കുകയാണ് . ലിറ്റിൽ കൈറ്റ്സിന്റെ നേതൃത്വത്തിൽ നമ്മുടെ സ്കൂളിലെ കുട്ടികൾ ശ്ലാഘനീയമായ പുരോഗതി കൈവരിച്ചു കഴിഞ്ഞു . പരിശീലനം നേടിയ വിദ്യാർത്ഥിനികൾ മറ്റുള്ള കുട്ടികളെ പരിശീലിപ്പിക്കുകയും ചെയ്തുവരുന്നു . മലയാളം കമ്പ്യൂട്ടിങ്ങിലുള്ള പ്രാവീണ്യം ഡിജിറ്റൽ മാഗസിൻ നിർമാണം എന്നിവയൊക്കെ എടുത്തു പറയേണ്ട നേട്ടങ്ങൾ തന്നെയാണ് .ഡിജിറ്റൽ മേഖലയിൽ തനതു മുദ്ര പതിപ്പിച്ച കുരുന്നുകൾക്ക് ആശംസകൾ അർപ്പിക്കുന്നു.


എലിസബത്ത് റോമി . ടി . എ
മലയാള അദ്ധ്യാപിക

# എഡിറ്റോറിയൽ

പ്രിയപ്പെട്ട സുഹൃത്തുക്കളെ ,
ഐ . ടി മേഖല ഇന്ന് വളരെയേറെ പുരോഗതി പ്രാപിച്ചിരിക്കുന്നു . ഹൈ സ്കൂൾ വിഭാഗം കുട്ടുകാർക്കായി ഇന്ന് ലിറ്റിൽകൈറ്റ്സ് കൂട്ടായ്മ വരെയുണ്ട് . കുട്ടികളെ ഐ . ടി മേഖലയിൽ പ്രാവീണ്യം നേടാൻ സജ്ജരാക്കുകയും അവരുടെ കഴിവുകൾക്ക് പ്രോത്സാഹനം നൽകുവാനും കൈറ്റ്സ് മിസ്ട്രസ് മാരും കുട്ടികളോടൊപ്പമുണ്ട് . ലിറ്റിൽ കൈറ്റ്സ് കുട്ടികളായ ഞങ്ങൾ ഒരുമിച്ച് തയ്യാറാക്കിയ ഡിജിറ്റൽ മാഗസിൻ‘ ഇ-ജാലകം’ തയ്യാറാക്കിയിരിക്കുകയാണ് .ഭാവിയിലേക്കുള്ള ഐ . ടി ഭാവിയിലേക്കുള്ള ഐ . ടി വിഭാഗം പ്രഗത്ഭന്മാരെ നമ്മൾ ഇങ്ങനെയുള്ളപ്രവർത്തനങ്ങളിലൂടെ വാർത്തെടുക്കുകയാണ് .
ഇതിനായി എന്റെ എല്ലാ വിധ ആശംസകളും നേരുന്നു .

എഡിറ്റർ
അക്ഷയ . ടി . എസ്



# എഡിറ്റോറിയൽ ബോർഡ്

ചീഫ് എഡിറ്റർ : അക്ഷയ ടി . എസ്

സബ് എഡിറ്റർസ് : മിസ്ബ . പി . എഫ്
അസ്ന സുധീർ
സഹദിയ . ടി . എം

എഡിറ്റോറിയൽ
അംഗങ്ങൾ : തീർത്ഥ സുരേഷ്
റിയ അനസ്
സഹല ഫാത്തിമ
ഫാത്തിമ സൽവ

കൈറ്റ് മിസ്ട്രസ് : മരിയ ജിൻസി
രെശ്മി ജോസ്



# താളുകൾ....

## മലയാളം


അപ്പൂപ്പനും അമ്മൂമയും ചാമ്പയ്ക്കയും ............9
എന്റെ ഭാഷ ............11
ചെറിയവ ............12
ഒരു വസ്തുവിന്റെ യഥാർത്ഥ വില ............13
വീണപൂവ് ............14
മഴ നനയാം , നിറയെ ............17
ഗാന്ധിജിയുടെ വചനങ്ങൾ ............20
സൗഹൃദം ............21
മത്സ്യം ...........23
പഴഞ്ചൊല്ലുകൾ ...........24
ഐ . ടി ക്വിസ് ...........25
ഒരിക്കലും ...........26
സന്യാസിയും നായയും ............27
ചിണ്ടൻ എന്ന ചെണ്ടക്കാരൻ ............29
ജി . ശങ്കരക്കുറിപ്പ് ...........31
ഓണം ...........32


## English


Hansel and Gratel... ............35
Inspiring Quotes of A P J Abdul kalam ............38
Fearful Rabbit ............40
Jawaharlal Nehru ............41
The lion and the king ............42
Books ............45
Pythagoras ............47
Life is a game ............48
To my mother ...........49
The king St. Francis ............50
Taj Mahal ............51
Robert Frost ............53
On killing a tree .............54

# മലയാളം

ST FRANCIS H S FOR GIRLS
ALL FOR THE GREATER GLORY OF GOD
IHS
ALUVA

# അപ്പൂപ്പനും അമ്മൂമയും ചാമ്പയ്ക്കയും ...



ഒരിടത്തൊരിടത്ത് ഒരു അപ്പൂപ്പനും അമ്മൂമ്മയും ഉണ്ടായിരുന്നു.അവരുടെ വീടിനു മുന്നിൽ ഒരു ചാമ്പ മരം ഉണ്ടായിരുന്നു. ആ ചാമ്പ മരത്തിൽ നിറയെ ചാമ്പങ്ങ ഉണ്ടായി.
ചാമ്പമരം മുഴുവൻ ചാമ്പങ്ങ പഴുത്തു കിടക്കുന്നത് കാണുവാൻ നല്ല രസമായിരുന്നു.
അങ്ങനെയിരിക്കെ ഒരു ദിവസം അമ്മൂമ്മ അപ്പൂപ്പനോട് പറഞ്ഞു. "എന്ത് രസമാണ് ചാമ്പങ്ങ പഴുത്തു കിടക്കുന്നതു കാണുവാൻ. നമുക്ക് ഇതാർക്കും കൊടുക്കേണ്ട. അടുത്ത വീടുകളിലെകുട്ടികൾ വരുമ്പോൾനമുക്കവരെയോടിക്കാം."
ഇതുകേട്ട് അപ്പൂപ്പൻ പറഞ്ഞു. "ശരിയാ , ഇതാർക്കും കൊടുക്കേണ്ട. നമുക്കും കഴിക്കേണ്ട. എന്നും കണ്ടു കൊണ്ടിരിക്കും."
അപ്പൂപ്പനും അമ്മൂമ്മയും ചാമ്പയ്ക്ക് കാവലിരുന്നു.അവർ ചാമ്പങ്ങ പറിക്കാൻ വന്ന കുട്ടികളെയെല്ലാം ഓടിച്ചു. അവർ പഴുത്തു ചുവന്ന ചാമ്പങ്ങ സന്തോഷത്തോടെ കണ്ടു കൊണ്ടിരുന്നു.
അങ്ങനെയിരിക്കെ അവരുടെ ചാമ്പങ്ങ രാത്രിയിൽ ആരോ പറിക്കുന്നുണ്ടെന്ന് അവർക്കു മനസിലായി. അവർ ആളെ കണ്ടുപിടിക്കാൻ തീരുമാനിച്ചു. അത് ഒരു മരപ്പട്ടിയാണെന്ന് അവർക്ക് മനസിലായി.അപ്പൂപ്പനും അമ്മൂമ്മയും മരപ്പട്ടിയെ എങ്ങനെ പിടിക്കാം എന്ന് തല പുകഞ്ഞാലോചിച്ചു. അങ്ങനെ അമ്മൂമ്മക്കൊരു ഒരു ബുദ്ധിതോന്നി.അമ്മൂമ്മ പറഞ്ഞു . "രാത്രി ആകുമ്പോൾ അപ്പൂപ്പൻ ചാമ്പ മരത്തിനു മുകളിൽ ഇരിക്കണം. മരപ്പട്ടി വരുമ്പോൾ അതിനെ കുലുക്കി

താഴേക്കിടണം.ഞാൻ ഒരു വടിയുമായി താഴെ ഇരിക്കാം. ഞാൻ അതിനെ അടിച്ചു കൊല്ലാം." അപ്പൂപ്പൻ സമ്മതിച്ചു. അങ്ങനെ രാത്രിയായി. അപ്പൂപ്പൻ ചാമ്പ മരത്തിനു മുകളിൽ പുതച്ചു മൂടി ഇരുന്നു. അമ്മൂമ്മ ചാമ്പ മരത്തിന്റെ ചുവട്ടിലും ഇരുന്നു. കുറെ നേരമായിട്ടും മരപ്പട്ടി വന്നില്ല. അപ്പൂപ്പന് ഉറക്കം വന്നു തുടങ്ങി. അപ്പൂപ്പൻ അങ്ങനെ ഇരുന്ന് ഉറങ്ങിപ്പോയി. ഉറങ്ങിമരത്തിൽ നിന്നു താഴേക്കുവീണു. രാത്രിയല്ലേ അമ്മുമ്മക്കുണ്ടോ കണ്ണു കാണാൻ പറ്റുന്നുള്ളു! അമ്മൂമ്മ മരപ്പട്ടിയാണെന്നു വിചാരിച്ച് അപ്പൂപ്പനെ അടിയോടടി.

അപ്പൂപ്പൻ വേദന കൊണ്ട് ഉച്ചത്തിൽ നിലവിളിക്കാൻ തുടങ്ങി.
നിലവിളിക്കുന്ന ശബ്ദം കേട്ടപ്പോൾ അമ്മൂമ്മക്ക് തോന്നി."ഇത് മരപ്പട്ടിയുടെ സ്വരമല്ലല്ലോ. ഒരു മനുഷ്യന്റെ സ്വരംആണല്ലോ ?" അമ്മൂമ്മ പുതപ്പു മാറ്റി നോക്കിയപ്പോൾ , അതാ പാവം അപ്പൂപ്പൻ അടി കൊണ്ട് അവശനായി കിടക്കുന്നു. അമ്മൂമ്മക്കും വിഷമമായി.



പിന്നീട് അവർ എല്ലാവർക്കും ചാമ്പങ്ങ കൊടുക്കാൻ
തുടങ്ങി. കുട്ടികളുടെ സന്തോഷം കണ്ടപ്പോൾ അവർക്കും സന്തോഷം തോന്നി.


**ഗുണപാഠം :നമ്മുക്കുള്ളത് മറ്റുള്ളവരുമായി പങ്കു വച്ചാൽ സന്തോഷം ഇരട്ടിയാകും....**

ഫായിസ സൈനബ്

IX B

# എന്റെ ഭാഷ

**-വള്ളത്തോൾ നാരായണമേനോൻ**



മിണ്ടിത്തുടങ്ങാൻ  ശ്രമിക്കുന്ന പിഞ്ചിളം
ചുണ്ടിൻമേലമ്മിഞ്ഞപ്പാലോടൊപ്പം,
അമ്മയെന്നുള്ള രണ്ടക്ഷരമല്ലയോ
സമ്മേളിച്ചീടുന്നതൊന്നാമതായ് ?

മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ !
മർത്ത്യനു പെറ്റമ്മ തൻ ഭാഷതാൻ
മാതാവിൻ വാത്സല്യദുഗ് ദ്ധം നുകർന്നാലേ
പൈതങ്ങൾ പൂർണ വളർച്ച നേടൂ;
അമ്മതാൻതന്നെ പകർന്നു തരുമ്പോഴേ
നമ്മൾക്കമൃതുമമൃതായ് തോന്നൂ.

റൂബിയ . കെ . എ

IX A

# ചെറിയവ

**- എൻ.കുമാരനാശാൻ**



ചെറുതെങ്കിലുമപെഴുന്ന വാ-
ക്കൊരുവന്നുത്സവമുള്ളിലേകിടും
ചെറുപുഞ്ചിരി തന്നെ ഭൂമിയെ-
പ്പുനരമാനന്ദനിവാസമാക്കിടും

ചെറുതന്യന്ന നന്മചെയ്കകൊ-
ണ്ടൊരു ചേതം വരികയില്ലയെങ്കിലും
പരനില്ലപകാരമെങ്കിലീ
നരജന്മത്തിനു മാറ്റുമറ്റുപോം


ചെറുതൻപുകലർന്നു ചെയ് വതും
ചെറുതുള്ളത്തിലലിഞ്ഞു ചൊൽവതും
പെരുകിബ്ഭുവി പുഷ് പവാടിയായ്
നരലോകം സുരതുല്യമാം

സംഗീതിക

VIII F

# ഒരു വസ്തുവിന്റെ യഥാർത്ഥ വില

ഒരിടത്ത് ഒരു പൂവൻ കോഴിയുണ്ടായിരുന്നു. വിശന്നു വലഞ്ഞ അവൻ തീറ്റതേടി പറമ്പിൽ മുഴുവൻ അലഞ്ഞു. അപ്പോഴാണ് കണഞ്ചിപ്പിക്കുന്ന ഒരു വസ്തു അവന്റെ കാലിൽ തടഞ്ഞത്. വളരെ വിലപിടിപ്പുള്ള ഒരു രത്നമായിരുന്നു അത്. പുവൻ കോഴി ആ അമൂല്യരത്നത്തെ തിരിച്ചും മറിച്ചുമിട്ട് പൊക്കി തനിക്ക് തിന്നാൻ പറ്റുന്ന വസ്തുവല്ലെന്ന് അവന് മനസ്സിലായി. അപ്പോൾ രത്നം അവനോടു പറഞ്ഞു.



"പൂവൻ കോഴി നീ ഭാഗ്യവാനാണ്. എത്രയും പെട്ടെന്ന് എന്നെ ഈ കുപ്പയിൽ നിന്ന് എടുത്ത് പട്ടണത്തിൽ കൊണ്ടുപോയാൽ നിനക്ക് ജീവിതക്കാലം മുഴുവൻ സുഖമായി ജീവിക്കാം."

അപ്പോൾ പൂവൻ കോഴി പറഞ്ഞു:

"അത് ശരിയായിരിക്കും. പക്ഷെ എനിക്ക് അത്ര സുഖമായി ജീവിക്കണ്ട. എനിക്ക് വേണ്ടത് തീറ്റയാണ് . എന്നെ സംബന്ധിച്ചിടത്തോളം ഒരു മണി അരിയുടെ ഗുണം പോലും നിനക്ക് ഇല്ല ."ഇതു പറഞ്ഞു കൊണ്ട് കോഴി തന്റെ പാട്ടിനുപോയി.തന്റെ ദുർവിധി ഓർത്ത് രത്നം ദു:ഖിതനായി കുപ്പയിൽ തന്നെ കിടന്നു.

ഷാക്കിറ . വി . എ

IX A

# വീണപൂവ്

**കുമാരനാശാൻ**

**ഹാ!** പുഷ്പമേ, അധികതുംഗപദത്തിലെത്ര
ശോഭിച്ചിരുന്നിതൊരു രാജ്ഞികണക്കയേ നീ
ശ്രീ ഭൂവിലസ്ഥിര-അസംശയ-മിന്നു നിന്റെ-
യാഭൂതിയെങ്ങു പുനരെങ്ങു കിടപ്പിതോർത്താൽ?

ലാളിച്ചു പെറ്റ ലതയമ്പൊടു ശൈശവത്തിൽ
പാലിച്ചു പല്ലവപുടങ്ങളിൽ വെച്ചു നിന്നെ;
ആലോലവായു ചെറുതൊട്ടിലുമാട്ടി, താരാ-
ട്ടാലാപമാർന്നു മലരേ, ദലമർമ്മരങ്ങൾ

പാലൊത്തെഴും പുതുനിലാവിലലം കുളിച്ചും
ബാലാതപത്തിൽ വിളയാടിയുമാടലെന്യേ
നീ ലീലപൂണ്ടിളയ മൊട്ടുകളോടു ചേർന്നു
ബാലത്വമങ്ങനെ കഴിച്ചിതു നാളിൽ
നാളിൽ



ശീലിച്ചു ഗാനമിടചേർന്നു
ശിരസ്സുമാട്ടി-
ക്കാലത്തെഴും കിളികളോടഥ
മൗനമായ് നീ
ഈ ലോകതത്വവുമയേ,
തെളിവാർന്ന താരാ-
ജാലത്തൊടുന്മുഖതയാർന്നു പഠിച്ചു രാവിൽ

ഈവണ്ണമമ്പൊടു വളർന്നഥ നിൻറെയംഗ-
മാവിഷ്ക്കരിച്ചു ചില ഭംഗികൾ മോഹനങ്ങൾ
ഭാവം പകർന്നു വദനം, കവിൾ കാന്തിയാർന്നു,
പൂവേ, അതിൽ പുതിയ പുഞ്ചിരി സഞ്ചരിച്ചു.

ആരോമലാമഴക്, ശുദ്ധി, മൃദുത്വ, മാഭ
സാരള്യമെന്ന, സുകുമാരഗുണത്തിനെല്ലാം
പാരിങ്കലേതുപമ; ആ മൃദുമെയ്യിൽ നവ്യ-
താരുണ്യമേന്തിയൊരു നിൻ നില കാണണം താൻ.

വൈരാഗ്യമേറിയൊരു വൈദികനാട്ടെ, യേറ്റ-
വൈരിയ്ക്കു മുൻപുഴറിയോടിയ ഭീരുവാട്ടെ,
നേരേ വിടർന്നു വിലസീടിന നിന്നെ നോക്കി-
യാരാകിലെന്തു, മിഴിയുള്ളവർ നിന്നിരിക്കാം.

മെല്ലെന്നു സൗരഭവുമൊട്ടു പരന്നു ലോക-
മെല്ലാം മയക്കി മരുവുന്നളവന്നു നിന്നെ
തെല്ലോ കൊതിച്ചനുഭവാർത്ഥികൾ; ചിത്രമല്ല-
തില്ലാർക്കുമീഗുണവു, മേവമകത്തു തേനും.

ചേതോഹരങ്ങൾ സമജാതികളാം സുമങ്ങ-
ളേതും സമാനമഴകുള്ളവയെങ്കിലും നീ
ജാതാനുരാഗമൊരുവന്നു മിഴിക്കു വേദ്യ-
മേതോ വിശേഷസുഭഗത്വവുമാർന്നിരിക്കാം.

”കാലം കുറഞ്ഞ ദിനമെങ്കിലുമർത്ഥദീർഘം,
മാലേറെയെങ്കിലുമതീവ മനോഭിരാമം
ചാലേ കഴിഞ്ഞരിയ യൗവന”മെന്നു നിന്റെ-
യീ ലോലമേനി പറയുന്നനുകമ്പനീയം.

അന്നൊപ്പമാണഴകു കണ്ടു വരിച്ചിടും നീ-
യെന്നോർത്തു ചിത്രശലഭങ്ങളണഞ്ഞിരിക്കാം;
എന്നല്ല, ദൂരമതിൽനിന്നനുരാഗമോതി
വന്നെന്നുമാം വിരുതനങ്ങൊരു ഭൃംഗരാജൻ.

കില്ലില്ലയേ ഭ്രമരവര്യനെ നീ വരിച്ചു

തെല്ലെങ്കിലും ശലഭമേനിയെ മാനിയാതെ
അല്ലെങ്കിൽ നിന്നരികിൽ വന്നിഹ വട്ടമിട്ടു
വല്ലാതിവൻ നിലവിളിക്കുകയില്ലിദാനീം.

"എന്നംഗമേകനിഹ തീറുകൊടുത്തുപോയ് ഞാൻ
എന്നന്യകാമുകരെയൊക്കെ മടക്കിയില്ലേ?
ഇന്നോമലേ വിരവിലെന്നെ വെടിഞ്ഞിടല്ലേ"
എന്നൊക്കെയല്ലി ബത! വണ്ടു പുലമ്പിടുന്നു?

ഹാ! കഷ്ട,മാ വിബുധകാമിതമാം ഗുണത്താ-
ലാകൃഷ്ടനാ, യനുഭവിച്ചൊരു ധന്യനീയാൾ
പോകട്ടെ നിന്നൊടൊരുമിച്ചു മരിച്ചു; നിത്യ-
ശോകാർത്തനായിനിയിരിപ്പതു നിഷ്ഫലംതാൻ.

ഫാത്തിമ ഫിസ
VII B

# മഴ നനയാം , നിറയെ...

ആകാശത്ത് മേഘങ്ങൾ ഉരുണ്ടുകൂടിത്തുടങ്ങി, ചില ദിക്കിൽ കരിങ്കൂവളപ്പൂക്കളുടെ ഇതളുകൾ പോലെ, ചില ദിക്കിൽ വെട്ടിപ്പൊളിച്ച അഞ്ജനക്കൂട്ടങ്ങൾ പോലെ. മറ്റു ചിലയിടങ്ങളിൽ ഗർഭിണികളുടെ സ്തനം പോലെയും അവ പരിലസിച്ചു. ദാഹിച്ചുവലഞ്ഞ വേഴാമ്പലിന്റെ യാചന കേട്ട് മേഘം മഴത്തുള്ളികളായി ഇമ്പമായ ശബ്ദത്തോടെ താഴേക്ക് പതിക്കാൻ തുടങ്ങി. മനോഹരവും സുന്ദരിമാരുടെ ഹൃദയത്തെ വശീകരിക്കുന്നതും മരങ്ങൾക്കും ജീവജാലങ്ങൾക്കും ജീവനമായ ഈ മഴക്കാലം പ്രിയേ നിനക്കും ആഗ്രഹങ്ങൾ പൂവണിയുന്നതായി തീരട്ടെ...



മഴനൂലുകൾ പോലെ മനോഹരമായ ഈ വർഷകാല വർണന കാളിദാസന്റേതാണ്. സാഹിത്യത്തിലും സംഗീതത്തിലും സിനിമയിലുമൊക്കെ മഴയ്ക്ക് നവരസ ഭാവമാണ്. ചിലപ്പോൾ ശൃംഗാരം. മറ്റ് ചിലപ്പോൾ കരുണം, രൗദ്രം, ശാന്തം, അങ്ങിനെയങ്ങിനെ മഴവില്ലുപോലെ ഭാവങ്ങളുടെ മഴച്ചാർത്തുകൾക്ക് അഴകേറെ. ഭാവനയിൽ മലയാളിയും മഴയെ വരച്ചുവെച്ചത് എന്നും വികാരവായ്പിന്റെ ഇളം നിറങ്ങളിലാണ്. കാൽ പനിക സൗന്ദര്യം നിറഞ്ഞ ആ വാക്കുകളിൽ മഴ പനിനീർമഴയും ഗന്ധർ ഗാനവുമൊക്കെയായി. പക്ഷേ ജീവിതത്തിലോ?.

സമൃദ്ധമായ മഴയാൽ ഇത്രമേൽ അനുഗ്രഹീതമായ മറ്റേതൊരു നാടുണ്ട് കേരളം പോലെ. മൺസൂൺ മഴയാണ് നമ്മുടെ നാട്ടുപച്ചപ്പിന് പിന്നിൽ. പക്ഷേ മഴയുടെ കാര്യത്തിൽ മലയാളികൾ പഴയ സെൻ കഥയിലെ വൃദ്ധയെപ്പോലെയാണ്. മഴ പെയ്താൽ ഇളയ മകളുടെ കാലുറ കച്ചവടം മുടങ്ങും. മഴപെയ്തില്ലെങ്കിൽ മൂത്തവളുടെ കുടക്കച്ചവടവും മുടങ്ങും. അപ്പോൾ പിന്നെ മഴപെയ്താലും പെയ്തില്ലെങ്കിലും വൃദ്ധ കരയും. മഴ തിമിർ ത്ത് പെയ്യുന്ന കാലവർഷത്തിന്റെ തുടക്കത്തിലാണ് നാമിപ്പോൾ. വേനൽ ച്ചൂടിൽ മഴയെ കൊതിച്ച അതേ നാവുകൾ തന്നെ ഇപ്പോൾ മഴയെ പഴിച്ചുതുടങ്ങിയിരിക്കുന്നു. മഴയിപ്പോൾ ശല്യക്കാരനായ

വിരുന്നുകാരനെപ്പോലെ. പ്രത്യേകിച്ച് നഗരവാസികൾക്ക്.
മഴ ചാറിത്തുടങ്ങുമ്പോൾ തന്നെ ഓടിയൊളിക്കുന്നവരാണധികവും. ആകാശത്ത് മഴമേഘങ്ങൾ ഉരുണ്ടുകൂടുമ്പോൾ റോഡിലേക്കൊന്ന് നോക്കൂ. വാഹനങ്ങളുടെ വേഗം കൂടുന്നത് കാണാം. മഴയിൽ നിന്ന് രക്ഷപ്പെടാനുള്ള തിടുക്കവും ഉത്കണ്ഠയും തിരയിളക്കം പോലെ നിരത്തിലൊഴുകുന്ന മുഖങ്ങളിലൊക്കെ അപ്പോൾ തെളിയും. ഒരു മൂളിപ്പാട്ടും മൂളി നിറഞ്ഞ മനസ്സോടെ മഴ നനയുന്ന ഒരാളെയും കാണില്ല, ഒരിടത്തും. മഴയുടെ നനുത്ത കരങ്ങൾ നമ്മെ പുണരാനെത്തുമ്പോൾ ഓടിയൊളിക്കുന്നതെന്തിനാണ്. മഴയെന്നാൽ മലയാളിക്കിന്ന് കുട മാത്രമാണ്..മഴ ജീവജലമാണ്. അനുഗ്രഹത്തിന്റെ മേഘവൃഷ്ടി. പ്രകൃതിയിലെ ഒരോ ജീവജാലവും അതിനായി കാത്തിരിക്കുന്നു. പുല്ലും പുൽച്ചാടിയും തവളയും വേഴാമ്പലും മയിലുമൊക്കെ. മഴയെത്തുമ്പോൾ അവ പാട്ടു പാടിയും ആനന്ദനൃത്തം ചവിട്ടിയും വരവേൽക്കുന്നു. പക്ഷേ മഴയെ അറിയാനും ആസ്വദിക്കാനും ഉപയോഗപ്പെടുത്താനുമുള്ള പാഠങ്ങൾ നാം മാത്രം മറന്നു. 'ചിലർ മഴയെ അനുഭവിക്കുന്നു, മറ്റു ചിലർ വെറുതേ നനയുക മാത്രം ചെയ്യുന്നു' എന്ന് ബോബ് ഡിലൻ പാടിയത് നമ്മെക്കുറിച്ചാണോ? മഴയുടെ കാഴ്ചയും സംഗീതവും ഗന്ധവും സ്പർ ശവുമൊക്കെ എത്ര അനുഭൂതിദായകമാണ്. മഴ നനയുമ്പോൾ ഉള്ളിലെ ദുഃഖങ്ങളകലും. നവോന്മേഷം കൈവരും. വസ്ത്രത്തിന്റെ നൂലിഴകളിലൂടെ നൂണ്ടിറങ്ങുന്ന ഒരോ മഴത്തുള്ളിയും ചർമത്തെ തൊടുമ്പോൾ അനുഭവപ്പെടുന്ന കുളിര് പ്രകൃതിയിലെ അനന്തമായ ഊർജത്തിന്റെ കൈമാറ്റമാണ്. പുതുമഴ ഭൂമിയെ തൊടുമ്പോൾ ഉർവരതയുടെ വശ്യഗന്ധം ഉയരുന്നത് ശ്രദ്ധിച്ചിട്ടില്ലേ. പുതുമഴയിൽ നനഞ്ഞ് കൂമ്പി നിൽക്കുന്ന പ്രകൃതിയിലെ തിളക്കം അനുരാഗലോലയായ യുവതിയുടെ കൺകോണ് പോലെ എത്ര മനോഹരമാണ്. കുടക്കണ്ണിലൂടെ മാത്രം മഴയെ നോക്കുന്നവർക്ക് ഇതൊന്നും കാണാനും അനുഭവിക്കാനുമാകില്ല..പനി, രോഗങ്ങൾ, അസൗകര്യം അങ്ങിനെയങ്ങിനെ മഴയോടുള്ള അനിഷ്ടത്തിന് ഓരോരുത്തർക്കും ഓരോ കാരണങ്ങൾ. അനാവശ്യമായ മഴപ്പേടിയെ ഓംബ്രോഫോബിയ എന്നാണ് വൈദ്യശാസ്ത്രം വിളിക്കുന്നത്. ഓബ്രോഫോബിയയുടെ വകഭേദമാണ് നമ്മുടെ ഈ മഴപ്പേടിയും. കുറച്ചുകാലമായി മഴക്കാലം കേരളത്തിൽ പനിക്കാലമാണ്. രോഗപ്രതിരോധ ശേഷി കുറഞ്ഞതും പരിസര ശുചിത്വത്തിൽ മലയാളി

പിന്നോക്കം പോയതുമാണതിന് കാരണം. അല്ലാതെ മഴയല്ല. സത്യത്തിൽ മഴയൊരു രോഗവുമുണ്ടാക്കില്ല, അനാരോഗ്യകരമായ ജീവിത സാഹചര്യങ്ങളും ഉള്ളിലെ വിഷാംശവുമൊക്കെയാണ് രോഗകാരികൾ. മഴ നനയുന്നത് ആരോഗ്യത്തിന് നല്ലതാണെന്നാണ് പ്രകൃതിജീവനം പറയുന്നത്. മഴനയാത്തതും വെയിലുകൊള്ളാത്തുമൊക്കെയാണ് രോഗാതുരത വർധിപ്പിക്കുന്നത്.

ഗോപിക
X D

# ഗാന്ധിജിയുടെ വചനങ്ങൾ

- ആദ്യം നിങ്ങളെ അവർ അവഗണിക്കും,പിന്നെ പരിഹസിക്കും,പിന്നെ പുഛരിക്കും, പിന്നെ ആക്രമിക്കും എന്നിട്ടായിരിക്കും നിങ്ങളുടെ വിജയം
- പ്രവർത്തിക്കുക അല്ലെങ്കിൽ മരിക്കുക.
- ഹിംസയിലൂടെ നേടുന്ന വിജയം വിജയമല്ല. അത് തോൽവിയാണ്. എന്തെന്നാൽ അത് വെറും നൈമിഷികം മാത്രം.
- എന്റെ ജീവിതമാണ് എന്റെ സന്ദേശം.
- പാപത്തെ വെറുക്കുക പാപിയെ സ്നേഹിക്കുക.
- കണ്ണിന് കണ്ണ് എന്നാണെങ്കിൽ ലോകം അന്ധതയിലാണ്ടു പോകും.
- കഠിനമായ ദാരിദ്യത്താൽ വിശക്കുന്നവന്റെ മുന്നിലേക്ക് ദൈവത്തിന് റൊട്ടിയായിട്ടെ പ്രത്യകഷപ്പെടനാവൂ.
- ഇന്നു ചെയ്യുന്ന പ്രവർത്തിയെ ആശ്രയിച്ചിരിക്കും നമ്മുടെ ഭാവി.
- സമാധാനത്തിലേക്ക് ഒരു പാതയില്ല. സമാധാനമാണ് പാത.

മെഹ്റ

X D

# സൗഹൃദം

പറയാതെ വന്നു പറയാതെ പോകുന്ന മഴപോലെയാണു സൗഹൃദം.

ഒരു വലിയ പൂക്കാലമായ് പൂമണമായ് വന്നു ഋതുക്കൾ മാറുമ്പോലെ ഒരു പൂമൊട്ടുപോലും ബാക്കി വയ്ക്കാതെ വേലിയിറക്കതിരമാലപോലെ ആഴക്കടലിൽ അലിഞ്ഞുചേർന്ന് ഓർമ്മകൾക്കുമീതെ മന:പൂർവ്വം മറവിയുടെ കുപ്പായം ധരിച്ചു പോകുന്നവർ.

ജീവിതവും സൗഹൃദവും ഒരു ഗെയിം ഷോയാണ്. ഒരു ഒറ്റയാൾപോരാട്ടം.

കാലം തെറ്റി സമയം തെറ്റി കാർമുകിൽ ഇല്ലാത്ത നീലാകാശത്തുനിന്നും തെന്നി വീണ വേനൽ മഴ പോലെ വഴിതെറ്റിവന്നവന്.

ഒരു മഴപെയ്ത സായാഹ്നത്തിലാണ് ഞാൻ അവനെ ആദ്യമായ് കണ്ടത്. താമസിക്കാതെ എന്റെ പ്രിയ സുഹൃത്തിന്റെ സിംഹാസനത്തിൽ അവൻ കയറിയിരുന്നു.

സ്നേഹവും സഹതാപവും പ്രണയവും സൂക്ഷിക്കുന്ന ഒരു മനസ്സായിരുന്നു ഞാൻ തേടിയത്.

സൗഹൃദങ്ങൾ ആഴത്തിൽ ആകുമ്പോൾ മാത്രമേ മുത്തും ചിപ്പിയും കല്ലും മുള്ളും കാണാൻ കഴിയൂ.

മഴത്തുള്ളികൾ കടലിനടിയിലേക്ക് ഊളിയിട്ടിറങ്ങുമോ? ലക്ഷ്യബോധത്തോടെ പെയ്തിറങ്ങുന്ന ഒരു മഴക്ക് സാധിക്കും. അതുപോലെ സൗഹൃദത്തിനും.

ഞാൻ ആരെയും മറക്കാറില്ല. നേരിൽ കാണണമെന്നോ ഒരുമിച്ച് ഇരിക്കണമെന്നോ ആഗ്രഹമില്ല. പക്ഷെ തുറന്നു സംസാരിക്കുക, തിരക്കിനിടയിൽ ഒരു നിമിഷം ഓർക്കാൻ ശ്രമിക്കുക.

വിളിപ്പുറത്ത് വാക്കുകളുടെ ശബ്ദത്തിൽ ആശ്വാസവും വിശ്വാസവും ആകണം. കാലവർഷം പോലെ പെയ്തിറങ്ങിയ സ്വാർഥതയില്ലാത്ത സ്നേഹമാകണം.

മലർക്കെ തുറന്നിട്ട് ജാലകത്തിനരുകിൽ ഞാൻ കാത്തിരുന്നു. സംബോധന കണ്ടെത്തും മുൻപേ മനസ്സിൽ പതിഞ്ഞ സുഹൃത്തിനെ എന്തു വിളിക്കണമെന്ന് കാലം കാണിച്ചു തരട്ടെ.

ഫാത്തിമ അബ്ദുൾ സലാം<br>IX A

# മത്സ്യം

മണൽത്തരിയോളം പോന്നൊരു മത്സ്യം
കടൽത്തരിയോട്
ഒറ്റയ്ക്ക് പൊരുതിനിന്നു
വേലിയേറ്റങ്ങളുടെ
വൈകുന്നേരങ്ങളിൽ അവൻ
എല്ലാ കൊടികൾക്കും മുകളിൽ
ഒഴുക്കുകൾ ഉൾവലിയുമ്പോൾ
എല്ലാ രഹസ്യങ്ങൾക്കുമടിയിൽ
വലകണ്ണികൾക്ക്
അവനോളം ചെറുതാകാനായില്ല
ചൂണ്ടക്കൊളുത്തുകൾക്ക്
അവനെപ്പോലെ വളയാനും

അൻസില
IX E

# പഴഞ്ചൊല്ലുകൾ

- അത്തം കറുത്താൽ ഓണം വെളുക്കും .
- ചങ്ങാതി നന്നായാൽ കണ്ണാടി വേണ്ട .
- എല്ലുമുറിയെ പണിതാൽ പല്ലുമുറിയെ തിന്നാം .
- മടിയൻ മല ചുമക്കും .
- കുംഭത്തിൽ നട്ടാൽ കുടത്തോളം
  മീനത്തിൽ നട്ടാൽ മീൻ കണ്ണിനോളം.
- മുറ്റത്തെ മുല്ലക്ക് മണമില്ല .
- സമ്പത്ത് കാലത്ത് തൈപത്ത് വച്ചാൽ
  ആപത്ത് കാലത്ത് കാപത്ത് തിന്നാം .
- നാടോടുമ്പോൾ നടുവേ ഓടണം .
- ഒരുമയുണ്ടെങ്കിൽ ഉലക്കമേലും കിടക്കാം .
- അൽപ്പന് അർഥം കിട്ടിയാൽ അർദ്ധരാത്രിയിലും കുടപിടിക്കും .
- വേണമെങ്കിൽ ചക്ക വേരിലും കായ്ക്കും .
- അണ്ണാറകണ്ണനും തന്നാലായത് .

അംന സുധീർ
V C

# ഐ . ടി . ക്വിസ്

- കമ്പ്യൂട്ടറിന്റെ ഉപജ്ഞാതാവ് ആര് ?
  ചാൾസ് ബാബേജ്
- WWW യുടെ പൂർണ്ണനാമം എന്ത് ?
  world wide web
- ഒരു ക്രെഡിറ്റ് കാർഡിന്റെ വലുപ്പം മാത്രമുള്ള കമ്പ്യൂട്ടർ ഏത് ?
  റാസ്ബെറി പൈ
- കമ്പ്യൂട്ടറിന്റെ താൽകാലിക മെമ്മറി സൂക്ഷിച്ച് വയ്ക്കുന്നതെന്ത് ?
  RAM / IC chip
- GPS ന്റെ പൂർണ്ണനാമം എന്ത് ?
  ഗ്ലോബൽ പൊസിഷനിങ്ങ് സിസ്റ്റം
- HTML ന്റെ അഞ്ചാമത്തെ അംഗീകൃത പതിപ്പ് ഏത്?
  HTML5
- ഫേസ് ബുക്കിന്റെ ഉപജ്ഞാതാവ് ആര് ?
  മാർക്ക് സുക്കർബർഗ്
- ഗൂഗിൾ കണ്ടുപിടിച്ചതാര് ?
  സെർജി ബ്രിൻ , ലാറി പേജ്
- ആമസോൺ ന്റെ സ്ഥാപകൻ ആര് ?
  ജെഫ് ബസോസ്

ഭദ്ര

V D

# ഒരിക്കലും

ഓരോ ദിനവും കഴിഞ്ഞുപോകും
ഓരോയിതളും കൊഴിഞ്ഞുപോകും
ഓർക്കണം നമ്മുടെ ഓരോ നിമിഷവും
ഒരിക്കലും തിരിച്ചുവരില്ല
ഒരിക്കലും മടങ്ങിവരില്ല
കിട്ടുന്ന സമയമത്രയും
കൂടുതലുപകാരപ്രദമാകണം
വേഗത്തിലുപയോഗപ്രദമാകണം
വേഗത്തിൽ നന്മകൾ ചെയ്തിടേണം

ഹൈഫ
VI B

# സന്യാസിയും നായയും

ഒരു കൊടുങ്കാട്ടിൽ ഒരു സന്യാസി ജീവിച്ചിരുന്നു. കായ്കനികൾ മാത്രമായിരുന്നു ആഹാരം .

ഒരു നാൾ എവിടെ നിന്നോ ഒരു നായ അലഞ്ഞു തിരിഞ്ഞ് സന്യാസിയുടെ ഗുഹയിലെത്തി.അലിവു തോന്നിയ സന്യാസി നായയെ തന്റെയൊപ്പം പാർപ്പിച്ചു.

നേരം വെളുത്താൽ നായ കാട്ടിലേക്കിറങ്ങും.പിന്നെ വൈകുന്നേരമാണ് തിരിച്ചു വരിക. സന്യാസിയെപ്പോലെ കായ്കനികൾ തിന്നു വിശപ്പടക്കാൻ നായയ്ക്കു കഴിയില്ലല്ലോ. വല്ലതും എരിവും പുളിയുള്ളതും വേണം നായയ്ക്ക്.

ഒരിക്കൽ നായ കാട്ടിൽ ഭക്ഷണമന്വേഷിച്ച് നടക്കുകയായിരുന്നു. അതാ, മരച്ചുവട്ടിൽ ഒരു കടുവ! നായയെ കണ്ടതും കടുവ ഒറ്റച്ചാട്ടം. ഒരു നിമിഷം കൊണ്ട് നായ ഓടെടാ ഓട്ടം!

”എന്താ, എന്തുപറ്റി?” നിന്നു കിതയ്ക്കുന്ന നായയെ നോക്കി സന്യാസി തിരക്കി.

”ഒരു കടുവ എന്നെ പിടിക്കാൻ വന്നു.” നായ പറഞ്ഞു.

സന്യാസി എന്തോ മന്ത്രം ചൊല്ലിയ മാത്രയിൽ നായ വലിയൊരു കടുവയായി മാറി. രൂപം മാറിയ നായ ഗുഹക്കു പുറത്തേക്കു വന്നു. മുന്നിൽ ഭീമാകാരനായ കടുവയെ കണ്ട് ജീവനും കൊണ്ട് ആദ്യത്തെ കടുവ കാട്ടിൽ മറഞ്ഞു.

നായയ്ക്ക് പിന്നീട്, മറ്റു പല വലിയ മൃഗങ്ങളെയും നേരിടേണ്ടി വന്നു. അപ്പോഴെല്ലാം സന്യാസി തന്റെ മാന്ത്രിക ശക്തികൊണ്ട് നായയെ ആ മൃഗമാക്കി മാറ്റി. ചുരുക്കി പറയാമല്ലോ, ഓരോ തവണയും നായ രക്ഷപെട്ടു.

ദിവസങ്ങൾ കഴിഞ്ഞു. ഒരിക്കൽ നായ തന്നെയൊരു സിംഹമാക്കണമെന്നു പറഞ്ഞു കൊണ്ടാണ് ഗുഹയിലെത്തിയത്. കാട്ടിലെ രാജാവായ സിംഹത്തെ തോൽപ്പിക്കണമെങ്കിൽ അതേ വഴിയുള്ളുവെന്ന് നായ പറഞ്ഞു. സന്യാസി തന്റെ മന്ത്രശക്തി കൊണ്ട് നായയെ ഒരു സിംഹമാക്കി.ഇനി തനിക്ക് ആ രൂപം മതിയെന്ന് നായ തീരുമാനിച്ചു.മറ്റ് ഒരു മൃഗത്തെയും ഭയപ്പെടേണ്ടല്ലോ. സിംഹം പുറത്തൊന്നും പോകാതെ ആ ഗുഹയിൽ കഴിഞ്ഞു കൂടി. കുറച്ചു കഴിഞ്ഞപ്പോൾ സിംഹത്തിനു വിശക്കാൻ തുടങ്ങി. പുറത്തു പോയി വേട്ടയാടാൻ അതിനു മടി തോന്നി. വിശപ്പടക്കാൻ സന്യാസിയെ തന്നെ ശാപ്പിടാമെന്ന് സിംഹം തീരുമാനിച്ചു.സന്യാസി

പുറത്തുപോയി മടങ്ങി വന്നപ്പോൾ അതാ സിംഹം ആക്രമിക്കാൻ തയ്യാറായി നിൽക്കുന്നു! അത് സന്യാസിയുടെ നേരെ ചാടി വീണു.ഒരു ക്ഷണം. സന്യാസി മന്ത്രം ചൊല്ലി. അതോടെ സിംഹം പഴയ നായയായി. തന്റെ മുൻപിൽ വാലാട്ടി നിന്ന നായയെ സന്യാസി പുറത്താക്കി ഗുഹയുടെ വാതിലടച്ചു.

**ഗുണപാഠം : വന്ന വഴി മറന്ന് അഹങ്കരിക്കരുത്. അഹങ്കരിച്ചാൽ ഉള്ളതു കൂടി നഷ്ടമാകും**

സുഹാന . കെ . എസ്

IX D

# ചിണ്ടൻ എന്ന ചെണ്ടക്കാരൻ

ഒരിക്കൽ ഒരിടത്ത് വയസ്സനായ ഒരു ചെണ്ടക്കാരനുണ്ടായിരുന്നു. അയാളുടെ പേര് ചിണ്ടൻ എന്നായിരുന്നു. അയാൾക്ക് ആകെയുള്ളത് ഒരു പഴഞ്ചൻ ചെണ്ടയായിരുന്നു.ചിണ്ടൻ ചെണ്ട കോട്ടാൻ തുടങ്ങിയാൽ എല്ലാവരും കളിയാക്കും. അപ്പോൾ ചിണ്ടന് സങ്കടം വരും.

ഒരിക്കൽ രാജാവ് ആ നാട്ടിൽ വരാൻ തീരുമാനിച്ചു. രാജാവിനെ സ്വീകരിക്കാൻ ഉഗ്രൻ ചെണ്ടമേളം വേണം - നാട്ടുകാർ തീരുമാനിച്ചു. ആ നാട്ടിൽ രണ്ടു ചെണ്ടക്കാർ കൂടിയുണ്ടായിരുന്നു - കിണ്ടുവും ടുണ്ടുവും. ചെണ്ട കൊട്ടി രാജാവിനെ സ്വീകരിക്കാൻ കിണ്ടുവിന്റേയും ടുണ്ടുവിന്റേയും കൂടെ ചിണ്ടനും പുറപ്പെട്ടു.വഴിയിൽ അവർ വിശ്രമിക്കാനായി ഒരു മരച്ചുവട്ടിൽ ഇരിപ്പായി. ചിണ്ടൻ അങ്ങനെയിരുന്നു ഉറങ്ങിപ്പോയി. അപ്പോൾ കിണ്ടുടുണ്ടുവിനോട് പറഞ്ഞു: "ഇതു തന്നെ തക്കം! നമുക്ക് മിണ്ടാതെ സ്ഥലം വിടാം! ഈ കിളവന്റെ പഴഞ്ചൻ ചെണ്ടമേളം കേട്ടാൽ രാജാവിനു ദേഷ്യം വരും."

കിണ്ടുവും ടുണ്ടുവും സൂത്രത്തിൽ സ്ഥലം വിടാനൊരുങ്ങി. പക്ഷെ ഇതെല്ലാം മറ്റൊരാൾ കാണുന്നുണ്ടായിരുന്നു - മരത്തിനു മുകളിലെ വനദേവത! പാവം ചിണ്ടനെ പറ്റിച്ചു കടക്കാൻ നോക്കുന്ന കിണ്ടുവിനേയും ടുണ്ടുവിനേയും ഒരു പാഠം പഠിപ്പിക്കാൻ ദേവത തീരുമാനിച്ചു. ദേവത എന്തു ചെയ്തെന്നോ? മന്ത്രം ചൊല്ലി രണ്ടുപേരെയും ഉറക്കി! പിന്നെ ദേവത മാന്ത്രികാവടികൊണ്ട് ചിണ്ടന്റെ ചെണ്ടയിൽ ഒന്നു കൊട്ടി. 'ണ്ടിം!'. ആ ശബ്ദം കേട്ട് ചിണ്ടൻ ഉറക്കമുണർന്നു.എല്ലാം മറന്നുറങ്ങുകയായിരുന്ന കൂട്ടുകാരെ വിളിച്ചുണർത്താൻ ചിണ്ടൻ കുറേ ശ്രമിച്ചു.പക്ഷേ , ദേവത മന്ത്രം ചൊല്ലി മയക്കിയ അവരുണ്ടോ ഉണരുന്നു! നിരാശനായ ചിണ്ടൻ ചെണ്ടയും ചുമലിലേറ്റി ഒറ്റയ്ക്ക് നടപ്പായി.രാജാവ് ഗ്രാമത്തിന്റെ കവാടത്തിൽ എത്തിയിരുന്നു. ചെണ്ടക്കാരെ കാണാതെ പരിഭ്രമിച്ചു നിൽക്കുകയായിരുന്നു എല്ലാവരും. അപ്പോഴാണ് ചിണ്ടന്റെ വരവ്."ഹും , താൻ മാത്രമേ ഉള്ളോ? " അധികാരി ദേഷ്യപ്പെട്ടു. "കുറേപ്പേർ വന്നു ചെണ്ടമേളം കേമമാക്കണമെന്ന് പറഞ്ഞിരുന്നതല്ലേ? രാജാവിന് ദേഷ്യം വന്നാൽ തന്റെ കാര്യം പോക്കാ!"അതു കേട്ട മറ്റൊരാൾ പറഞ്ഞു: "ആലോചിച്ചു നിൽക്കാനൊന്നും സമയമില്ല. വേഗം കോട്ടു തുടങ്ങു.

രാജാവ് എത്തിക്കഴിഞ്ഞു." ചിണ്ടൻ രണ്ടും കല്പിച്ചു കൊട്ട് തുടങ്ങി. മാന്ത്രികവടികൊണ്ടു ദേവത കൊട്ടിയതല്ലേ ! മധുരമായ ശബ്ദമാണ് അതിൽനിന്നു പുറത്തു വന്നത്. അനേകം ചെണ്ടക്കാർ ഒന്നിച്ചു കൊട്ടുന്ന ഗംഭീരമേളം !നാട്ടുകാർ അന്തംവിട്ടു നിന്നു. ചിണ്ടൻ എല്ലാം മറന്നു കൊട്ടോടുകൊട്ട്! അത്രയും നല്ല മേളം ആരും കേട്ടിരുന്നില്ല.രാജാവ് അത്ഭുതത്തോടെ ചിണ്ടനെ അടുത്ത് വിളിച്ചു ധാരാളം സമ്മാനങ്ങൾ കൊടുത്തു!

**ഗുണപാഠം :ആരെയും നിസ്സാരരായി കണ്ടു കളിയാക്കരുത് .**

അശ്വതി
VIII C

# ജി . ശങ്കരക്കുറുപ്പ്



എറണാകുളം ജില്ലയിലെ കാലടിക്കടുത്തു നായത്തോടുഗ്രാമത്തിൽ ശങ്കരവാരിയരുടേയും, ലക്ഷ്മിക്കുട്ടിയമ്മയുടേയും പുത്രനായി 3-6-1901-ൽ ജനിച്ചു. വിദ്യാഭ്യാസാനന്തരം അദ്ധ്യാപകനായി. വിദ്വാൻ പരീക്ഷ പാസ്സായശേഷം എറണാകുളം മഹാരാജാസ് കോളേജിൽ ട്യൂട്ടറായി ചേർന്നു. ഒന്നാം ഗ്രേഡ് പ്രഫസറായി 1956-ൽ റിട്ടയർ ചെയ്തു. തിരുവനന്തപുരത്ത് ആകാശവാണിയിൽ പ്രൊഡ്യൂസറായിരുന്നിട്ടുണ്ട്. കേന്ദ്ര സംസ്ഥാന സാഹിത്യ അക്കാദമി, ജ്ഞാനപീഠം അവാർഡുകളും നേടിയ മഹാകവി ശങ്കരക്കുറുപ്പിന് 1967-ൽ പത്മഭൂഷൺ ലഭിച്ചു. രാജ്യസഭയിൽ നോമിനേറ്റഡ് അംഗമായിരുന്നിട്ടുണ്ട് . അൻപത്തിരണ്ടില്പരം കൃതികൾ പ്രസിദ്ധീകരിച്ചിട്ടുണ്ട് . 'നിർമ്മല' എന്ന മലയാളചിത്രത്തിന്റെ ഗാനങ്ങൾ ഇദ്ദേഹം രചിച്ചവയാണ് . 'യാചകൻ', 'അഭയം' തുടങ്ങിയ ചിത്രങ്ങളിൽ ഇദ്ദേഹത്തിന്റെ കാവ്യശകലങ്ങൾക്ക് സംഗീതം നൽകി അവതരിപ്പിച്ചിട്ടുണ്ട് . ശ്രീമതി. സുഭദ്രാമ്മയാണ് ഭാര്യ. ഒരു മകനും ഒരു മകളുമുണ്ട്.

നമിത

VIII B

# ഓണം

മലയാളികളുടെ സംസ്ഥാനോൽസവമാണ് **ഓണം** . ഈ വാർഷിക ഗ്രിഗോറിയൻ കലണ്ടറിൽ ഓഗസ്റ്റ് - സെപ്റ്റംബർ മാസങ്ങളിലും മലയാളം കലണ്ടറിൽ ചിങ്ങ മാസത്തിലുമാണ് വരുന്നത്. ഓണാഘോഷത്തിന്റെ സമയത്ത് കേരളം സന്ദർശിക്കുന്ന മഹാബലിയുടെ ഓർമ്മയ്ക്കായാണ് ഈ ആഘോഷം കൊണ്ടാടുന്നത്.ലോകത്തിന്റെ നാനാഭാഗത്തുമുള്ള മലയാളികൾ ജാതിമത ഭേദമന്യേ ഈ ഉത്സവം ആഘോഷിക്കുന്നു. ഓണം സംബന്ധിച്ച് പല ഐതിഹ്യങ്ങളും ചരിത്രരേഖകളും നിലവിലുണ്ടെങ്കിലും ഓണം ആത്യന്തികമായി ഒരു വിളവെടുപ്പു അഥവാ വ്യാപാരോത്സവമാണെന്ന് കരുതിപ്പോരുന്നു. കേരളത്തിൽ ഓണം തമിഴ്നാട്ടിൽ നിന്നും സംക്രമിച്ചതാണെന്നാണ് വിദഗ്ധമതം. ഏ.ഡി. 8 വരെ ദ്രാവിഡ ദേശം പലനിലയിൽ സമാനവും ആയിരുന്നു. ഒരു സ്മരണയുടെ പ്രതീകമായിട്ടാണ് ഈ ഉത്സവം തുടക്കം കുറിച്ചത്. മഹാബലി സ്മരണയാണ് അത്.വാമനവിജയത്തെ അടിസ്ഥാനമാക്കി അത് ക്ഷേത്രോത്സവമായിട്ടായിരുന്നു തുടങ്ങിയതെങ്കിലും പിന്നീട് അത് ഗാർഹികോത്സവമായി മാറി.

ചിങ്ങമാസത്തിലെ അത്തം നക്ഷത്രം മുതൽ തുടങ്ങുന്ന ഓണാഘോഷം തിരുവോണം നാളിൽ പ്രാധാന്യത്തോടെ ആഘോഷിക്കുകയും ചതയം നാൾ വരെ നീണ്ടു നിൽക്കുകയും ചെയ്യുന്നു. തൃക്കാക്കരയാണ് ഓണത്തപ്പന്റെ ആസ്ഥാനം. എന്നാൽ അവിടെ മഹാബലിക്കു പകരം വാമനനെയാണ് ആരാധിക്കുന്നത്. ഒരു പക്ഷെ വാമനൻ മഹാബലിക്കുമേൽ വിജയം നേടിയത് തൃക്കാക്കരയിൽ വച്ചാവാം. മഹാബലിയെ വാമനൻ പാതാളത്തിലേയ്ക്ക് ചവിട്ടിത്താഴ്ത്തുകയായിരുവല്ലൊ! കേരളീയരാണ് ഓണാഘോഷം നടത്തിയത് എന്നാണ് ഐതിഹ്യമെങ്കിലും അതിനേക്കാൾ വളരെ മുൻപേ തന്നെ കേരളത്തിലും മധുര ഉൾപ്പെട്ട തമിഴ് നാട്ടിലും മറ്റും ഓണാഘോഷം നടന്നിട്ടുള്ളതായി സംഘ കൃതികൾ

വെളിപ്പെടുത്തുന്നു. സംഘകാലകൃതിയായ 'മധുരൈകാഞ്ചി 'യിലാണ് ഓണത്തെക്കുറിച്ചുളള (ഇന്ദ്രവിഴാ) ആദ്യപരാമർശങ്ങൾ കാണുന്നത്. ഇന്ദ്രവിഴാ എന്ന് മാങ്കുടി തുരനാരുടെ കൃതിയിൽ കാണാം.ഇന്ദ്രന്റെ വിജയം എന്നാണ് ഇതിന് അർത്ഥം. അഥവാ അസുരനായ മഹാബലിയെ ദേവനായ വിഷ്ണു പരാജയപ്പെടുത്തിയതിന്റെ സൂചന ഇതിലുണ്ട്. അസുര ദ്രാവിഡരാണ് ഈ ഓർമ്മ വരുഷാവർഷം അനുസ്മരിച്ചു വന്നത്.പിന്നീട് കാർഷികവും വാണിജ്യവുമായി അതു മാറി. കർക്കടകമാസത്തിന് ശേഷം മാനം തെളിയുന്ന ഈ കാലത്താണ് വിദേശകപ്പലുകൾ പണ്ട് സുഗന്ധദ്രവ്യ വ്യാപാരത്തിനായി കേരളത്തിൽ കൂടുതലായി അടുത്തിരുന്നത്. അങ്ങനെ സ്വർണ്ണം കൊണ്ടുവരുന്ന ഈ മാസത്തെ പൊന്നിൻ ചിങ്ങമാസമെന്നും ഓണത്തെ പൊന്നോണമെന്നും വിളിക്കാനുള്ള കാരണമതാണ്. കേരളത്തിൽ വിളവെടുപ്പിനേക്കാൾ അതിന്റെ വ്യാപാരത്തിനായിരുന്നു പ്രാധാന്യം.

ദേവിക
X C

# ENGLISH

# *HANSEL AND GRETEL*



Once there was a poor family living inside a forest. It was poor farmer and his two kids ,Hansel and Gretel.

Their mother died of some kind of illness . So many people suggested him to marry another lady ,so that the lady will look after his kids. He though for marring a lady and he also said that they want a mother who can make delicious food for them. Days later,he married a lady .

One afternoon when Hansel,Gretel and their stepmother was on the dining table ,for eating their food. Gretel had finished eating and was asking for little more ,stepmother refuse to give food for her and was eating alone .seeing this Hansel understood that they was a burden to the stepmother .

One day the stepmother told to her husband "to make the kids study and giving food for them is not a simple

matter . If we send them to the forest the expenditure will reduce". The farmer was not agree to send them . But if he didn't agree his wife will leave him and his children . So he agree to send them .

Secretly, he advise Hansel and Gretel to throw pebbles on the way to the forest , so they can come back . The stepmother send them to the forest . By the plane ,they dropped pebbles on the way . The next day, they came back by picking up the pebbles stepmother was too angry . Again the mother send them to the forest. This time they dropped bread crumbs instead of pebbles. But when they ought to come back. The bread crumbs was missing and the birds eating them.

They were wandering in the forest and finally got up to reach in a strange house where an old lady lives. The old lady was a witch ,but Hansel and Gretel didn't got an idea of that . When they went inside the witch trapped Hansel in a cage and made Gretel to cook food for Hansel so that Hansel become fat and the witch want to eat Hansel. Days later, by having food Hansel become fat and witch was making potion for cooking Hansel. Intelligently Gretel pushed the witch into the fire , and she died. Gretel escaped Hansel and there was another kids whom the witch made to stone. They escaped from there and a swan showed way to their home. When they return to home the mother was

angry to see them. The farmer made understood his wife and they lived happily .

Aneeta G pradeep

IX A

# INSPIRING QUOTES OF A.P.J ABDUL KALAM

“Don’t take rest after your first victory because if you fail in second, more lips are waiting to say that your first victory was just luck.”

"Dream, dream, dream. Dreams transform into thoughts and thoughts result in action."

"To succeed in your mission, you must have single-minded devotion to your goal."

"If you fail, never give up because FAIL means "First Attempt In Learning".

“Creativity is seeing the same thing but thinking differently”

"Failure will never overtake me if my determination to succeed is strong enough."

"All of us do not have equal talent. But , all of us have an equal opportunity to develop our talents."

*"The bird is powered by its own* life and by its motivation."

"One best book is equal to a hundred good friends, but one good friend is equal to a library."

*"We Should not give up and we should not allow the problem to defeat us."*

Misba . P . F

IX B

# *Fearful Rabbit*



Rabbit are among the most fearful of animal. Once ,the rabbit had meeting to discuss it. They came to the conclusion that they would never get rid of the fear .


As it was causing them a very miserable existence , they decided to drown themselves and end their misery . Once and for all. According , they began to move towards a large lake . When the frog in the lake saw the large number of rabbit approaching , they were filled with fear and made for the deepest part of lake seeing this, the leader of the rabbit stooped and said to his fellow -creature

"It is true we are timid , but here are animals more timid than ourselves there is hope for us yet . Let us go back to our homes"and that is what they did .

*Theertha. S*

IX.B

# *JAWAHARLAL NEHRU*



Pandit Jawharlal Nehru was the first prime minister of the independent India his fathers name was Mothilal Nehru his mothers name was Swaroop Rani .He loved children. His birthday is on November14th. That day is celebrated as 'children's day'.Children called him'Chachaaji'.He was a great leader. He worked hard for bright future of India. His daughter's name was Indira Gandhi.She was the first women representative of India He wrote many books. One of his book is known as 'DISCOVERY OF INDIA'.....

Faiha Ashraf

VI B

# *THE LION AND THE KING*



There was a lion in a forest. One day, some bulls were eating grass and they heard the sound of the roaring lion. They still ate the grass in the forest and never kept away. From each other to avoid being eaten by the lion. Soon the lion was already very close to the bulls. It was ready to pounce on the fastest bull. But the bull shook their horns,when the hungry lion tried to pounce,it missed. In fact,his belly was almost injured by the bulls sharp horns.

Then the lion ran around the four bulls. Bulls pressed their positions,protecting each other. They were ready to face attacks from any direction. The lion was very hungry until the evening,the lion was not successful in pouncing on the bulls,and its stomach was ripped and bleeding.



The bulls felt so confident that the lion would not dare to catch them,and they got separated from each other. Then the lion suddenly came and attacked them one by one and killed them all. The lion ate them all with very hungry.

Moral: United we stand divide we fall

By

Asna H A

VI C

## *TASTY ALMONDS*

The Lion was the king of the forest. Once a squirrel became the servant of the lion. He did whatever work given to him. The lion like his service. He promised to given the squirrel a cartload of almonds as pension when he retired


the squirrel hated his job. He wanted to be free like his friend. He to wanted to enjoy life as his friend did but he could not leave the kings side. He thought that at the end of his career he would receive a cartload of almonds. After that he would be able to

enjoy his life. The years passed. The squirrel became old. It was time to retire. The king presented him a cartload of almonds as he had promised. When the squirrel saw the almond he was sad. He realised they were of no use to him. Now, he had lost all his teeth.

Ruksana . V . R
X G

# Books

What worlds of wonder are our books;
as one opens them and looks,
New ideas and people rise
in our fancies and our eyes



The rooms we sit in melts away
And we find ourselves at play
with someone who, before the end
may become our chosen friend.

Our we sail along the page
to some other land or age,
here's our body in the chair,
but our mind is over there.

Each book is a magic box
which with a touch a child unlocks.
In between their outside covers
books hold all things for their lovers.

Devika suresh
VIII E

# *PYTHAGORAS*



A philosopher , astronomer , and mathematician .Pythagoras lived in the 6th century BCE .He is remembered today for his work in geometry -particularly his theorem about triangles

He was also a religious teacher . Pythagoras wanted to unlock the secrets of the universe , and saw mathematic as the key to everything . He believed that numbers were the ultimate reality .

Anamika K.S

IX A

# LIFE IS A GAME



Life is like a game
But we can't aim it
We can't change it
But don't be sad
Because life is hard
You've got to face life like everyone
Life like a game
But we can't start over once it's over
There is no turning back
The thing you lack
Is the one you have
You've to find it ....

Adeela Parvin . K . S
V . B

# *TO MY MOTHER*



Today's your natal day
sweet flowers I bring
Mother, accept, I pray,
My offering.

And may you happy live,
And long us bless;
Receiving as you give
Great happiness.

Fidha Navas
IX D

# *THE KING , ST. FRANCIS*





ST FRANCIS !
Our school...
Which shines like a diamond
Spread out in Aluva
ST Francis is garden
And we are the shining flowers

We are a garland
For all the scholars and
Who reject the knowledge
We believe that
Knowledge is power
I love my school ST FRANCIS

By Farhath . M .M
VII A

# *TAJ MAHAL*



*You knew , Emperor of India ,Shah jahan,*

*That life , youth , wealth , renown*

*All float away down the stream of time*

*Your only dream.*

*Was to preserve forever your heart's pain*

*The harsh thunder of imperial powers a way, yet still one solitary tear*

*Would hang on the cheek of time.*

*In the form*

*Of this white and gleaming Tajmahal*

*Like a sunset's crimson splendour ,*

*But it was your hope*

*That at least a single, eternally-heaved sigh*

*would stay To grieve the sky*

*Though emeralds, rubies, pear are all*

*But as the glitter of a rainbow tricking out empty air*

*And must pass a way, Yet still one solitary tear*

*Would hang on the cheek of time.*

*In the form*

*Of this white and gleaming Tajmahal*


*Would fade into sleep though emeralds, rubies, pear are all,*

*But as the glitter of a rainbow tricking out empty air.*

*Devika Prasad*

*VIII D*

# *ROBERT FROST*



ROBERT FROST
1874 - 1963

Robert frost (1874-1963) an American poet is much admired for his realistic verse that depicted the rural life of New England . Some of his most notable works are "The Road not taken " , 'Stopping by woods on a Snowy Evening', 'A Boy's Will' ,and 'After Apple -pickle'. He won Pulitzer prize four times and was nominated for the Nobel prize in literature 31 times.

Sandra Siju
IX B

# On Killing A Tree

- Gieve Patel



It takes much time to kill a tree,
Not a simple jab of the knife
Will do it.It has grown
Slowly consuming the earth,
Rising out of it ,feeding
Upon on its crust,absorbing
Years of sunlight,air,water,
And out of its leperous hide
Sprouting leaves.

So hack and chop
But this alone wont do it.
Not so much pain will do it.
The bleeding bark will heal
And from close to the ground
Will rise curled green twigs,

Miniature boughs
Which if unchecked will expand again
To former size

No,
The root is to be pulled out-
Out of the anchoring earth;
It is to be roped,tied,
And pulled out-snapped out-snap
Or pulled out entirely
Out from the earth-cave,
And the strength of the tree exposed,

The source,white and wet,
The most sensitive,hidden
For years inside the earth.
Then the matter
Of scorching and choking

In sun and air,

Browning,hardening,

Twisting, withering,

And then it is done.

By

Susanna Jolly

IX E

നന്ദി...

ഇങ്ങനെയൊരു മാഗസിൻ വിജയകരമായി
പൂർത്തികരിക്കാൻ സാധിച്ചതിൽ സർവ്വേശ്വരനോടും ,
അദ്ധ്യാപകരോടും , ലിറ്റിൽ കൈറ്റ്സ് അംഗങ്ങളോടും
നിങ്ങളോരോരുത്തരോടും നന്ദി രേഖപ്പെടുത്തുന്നു .